

ടിനി ഫിലിപ്പ്

# ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ

# ഇരുചക്ര വാഹന വിൽപ്പന കാട്ടുന്ന യാഥാർത്ഥ്യം

**യാഥാർത്ഥ്യബോധത്തോടെ പോസിറ്റീവായി ചിന്തിക്കുന്നവർക്ക് മാത്രമേ ദീർഘകാല വിജയം ഉണ്ടാവുകയുള്ളൂ**

കഴിഞ്ഞ കുറച്ചു മാസങ്ങളായി മുഖ്യധാരാ മാധ്യമങ്ങൾ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ പച്ചപിടിച്ചു വരുന്നതിനെ കുറിച്ച് ഏറെ ചർച്ച ചെയ്യുന്നുണ്ട്.

നിരവധി സാമ്പത്തിക വിദഗ്ധരും സർക്കാരിനു കീഴിലുള്ള സ്ഥാപനങ്ങളും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമായ തിരിച്ചുവരവ് നടത്തുകയാണെന്ന് കാണിക്കാൻ നിരവധി വസ്തുതകൾ ചൂണ്ടിക്കാട്ടുന്നു.

അതിലൊന്ന്, 2020 ലെ ഒന്നാം പാദത്തിലെ –23.9 ശതമാനത്തെയും രണ്ടാം പാദത്തിലെ –7.5 ശതമാനത്തെയും അപേക്ഷിച്ച് 2020 വർഷത്തെ മൂന്നാം പാദ ജിഡിപി വളർച്ച 0.1 ശതമാനം ആയിരിക്കുമെന്നും അതുകൊണ്ട് 2021ലെ വാർഷിക ജിഡിപി വളർച്ച –7.3 ശതമാനം ആകുമെന്നുമാണ്.

ഞാൻ 'പ്രതീക്ഷയുടെ അടിസ്ഥാനത്തിൽ പോസിറ്റീവായി ചിന്തിക്കുന്ന' ആളല്ലെന്നും മറിച്ച് 'യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ പോസിറ്റീവായി ചിന്തിക്കുന്ന'യാളാണെന്നും ഇന്ന് വായനക്കാർക്കറിയാം.

ഈ ജിഡിപി വളർച്ചാ കണക്കുകളെ ഞാൻ സംശയത്തോടെയാണ് കാണുന്നത്. കാരണം അവ സംഘടിത മേഖലയിൽ നിന്നുള്ള ഡാറ്റയുടെ അടിസ്ഥാനത്തിലുള്ളതാണ്. മാത്രമല്ല, പ്രധാനപ്പെട്ട അസംഘടിത മേഖലകളിൽ നിന്നുള്ള ഡാറ്റയൊന്നും അതിൽ ഉൾപ്പെടുന്നില്ല.

അടുത്തിടെ എടുത്തുകാട്ടിയ മറ്റൊരു ഡാറ്റ 2020 ഡിസംബറിലെ ഇരുചക്ര വാഹനങ്ങളുടെ റീറ്റെയ്ൽ വിൽപ്പന വർധിച്ചതു സംബന്ധിച്ചാണ്. ഫെഡറേഷൻ ഓഫ് ഓട്ടോമൊബീൽ ഡിലേഴ്സ് അസോസിയേഷൻ (എഫ്എഡിഎ) പുറത്തിറക്കിയ വിവരപ്രകാരം 2020 ഡിസംബറിൽ രാജ്യത്താകമാനമായി 14,24,620 ഇരുചക്ര വാഹനങ്ങൾ വിറ്റഴിക്കപ്പെട്ടിട്ടുണ്ട്. 2019 ഡിസംബറിൽ ഇത് 12,73,318 വാഹനങ്ങളായിരുന്നു. ഈ വർഷം 11.88 ശതമാനം വർധന!

മിക്ക ഇരുചക്രവാഹനങ്ങളും വാങ്ങുന്നത് അസംഘടിത മേഖലകളിൽ നിന്നുള്ളവരാണ് എന്നതിനാൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പ്രകടനത്തിന്റെ മാന്യമായ ഒരു സൂചകമാണ് ഇരുചക്ര വാഹന വിൽപ്പന സംബന്ധിച്ച കണക്ക്.

ലോക്ക്ഡൗൺ കാലത്ത്, പ്രത്യേകിച്ച് 2020 ഏപ്രിലിലും മെയിലെ കുറച്ചു ദിവസങ്ങളും, ഇരുചക്ര വാഹന ഡീലർഷിപ്പുകൾ അടച്ചിട്ടിരിക്കുകയായിരുന്നു. പല വിദഗ്ധരും സൂചിപ്പിച്ചതു പോലെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ യഥാർത്ഥത്തിൽ തിരിച്ചുവരികയായിരുന്നെങ്കിൽ, ലോക്ക്ഡൗൺ സമയത്ത് ഇരുചക്ര വാഹനങ്ങൾ വാങ്ങാൻ കഴിയാതിരുന്നവർ ലോക്ക്ഡൗൺ തീർന്നതോടെ വാങ്ങാൻ ഇരച്ചെത്തുമായിരുന്നു. ഇങ്ങനെയുള്ള വിൽപ്പനയും സാധാരണ നടക്കുന്ന വിൽപ്പനയും കൂടി ലോക്ക്ഡൗണിന് ശേഷം ഓഗസ്റ്റ് 2020 മുതൽ ഇരുചക്ര വാഹനങ്ങളുടെ വിൽപ്പനയിൽ ഗണ്യമായ വർധനവിന് കാരണമാകുമായിരുന്നു.

**Table 1** Two-Wheeler Retail Sales Data

| | 2019 | 2020 | Difference | YOY % |
|---|---|---|---|---|
| Apr | 12,85,470 | - | (12,85,470) | -100.00% |
| May | 14,19,842 | 1,59,039 | (12,60,803) | -88.80% |
| Jun | 13,37,462 | 7,90,118 | (5,47,344) | -40.92% |
| Jul | 13,98,702 | 8,74,638 | (5,24,064) | -37.47% |
| Aug | 12,60,722 | 8,98,775 | (3,61,947) | -28.71% |
| Sep | 11,63,918 | 10,16,977 | (1,46,941) | -12.62% |
| Oct | 14,23,394 | 10,41,682 | (3,81,712) | -26.82% |
| Nov | 17,98,201 | 14,13,378 | (3,84,823) | -21.40% |
| Dec | 12,73,318 | 14,24,620 | 1,51,302 | 11.88% |
| Total (Apr to Dec) | 1,23,63,048 | 76,21,247 | (47,41,801) | -38.35% |

എഫ്എഡിഎയുടെ കണക്കനുസരിച്ചുള്ള ഇരുചക്ര വാഹനങ്ങളുടെ യഥാർത്ഥ റീറ്റെയ്ൽ വിൽപ്പന ടേബ്ൾ ഒന്നിൽ കാണിച്ചിരിക്കുന്നു. ഈ ഡാറ്റ പ്രകാരമുള്ള യാഥാർത്ഥ ചിത്രം വളരെ വ്യത്യസ്തമാണ്.

2020 ഓഗസ്റ്റിന് ശേഷം ഡിസംബർ ഒഴികെയുള്ള മാസങ്ങളിൽ ഇരുചക്ര വാഹനങ്ങളുടെ വിൽപ്പനയിൽ മുൻ വർഷത്തേക്കാൾ ഗണ്യമായ കുറവുണ്ടായി. 2020 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള ഇരുചക്ര വാഹനങ്ങളുടെ ആകെ വിൽപ്പനയിൽ മുൻ വർഷത്തെ അപേക്ഷിച്ച് 47,41,801 യൂണിറ്റിന്റെ വൻ കുറവുണ്ടായി. അതായത് 38.35 ശതമാനം ഇടിവ്. ഇത് അർത്ഥമാക്കുന്നത്, ലോക്ക്ഡൗണിന് ശേഷം ഇരുചക്ര വാഹനങ്ങളുടെ സാധാരണ വിൽപ്പനയിൽ പോലും മുൻ വർഷത്തേക്കാൾ ഗണ്യമായ കുറവുണ്ടായി എന്നാണ്.

## ഉചിതമായ നടപടികൾ സ്വീകരിക്കുക

2020 ഡിസംബറിൽ ഇരുചക്രവാഹന റീറ്റെയ്ൽ വിൽപ്പന 11.88 ശതമാനം വർധിച്ചത് സ്വാഗതം ചെയ്യപ്പെടേണ്ടതാണെങ്കിലും 2021 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഇരുചക്ര വാഹനങ്ങളുടെ റീറ്റെയ്ൽ വിൽപ്പന കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ പുരോഗതി കാണിച്ചില്ലെങ്കിൽ, 2021 സാമ്പത്തിക വർഷത്തെ ഇരുചക്ര വാഹനങ്ങളുടെ ആകെ വിൽപ്പന 2020 സാമ്പത്തിക വർഷത്തെ വിൽപ്പനയോടടുത്ത് നിൽക്കുകയാണെങ്കിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമായി തിരിച്ചു കയറുകയാണെന്ന് പറയാൻ ബുദ്ധിമുട്ടായിരിക്കും.

അത്തരത്തിലുള്ള ഡാറ്റ കാണുന്നതു വരെ, 2020 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ഏകദേശം 20 ശതമാനം ചുരുങ്ങുമെന്ന് കരുതാനും അത്തരം ഒരു അവസ്ഥയിൽ നിന്ന് കരകയറി അഭിവൃദ്ധി നേടാൻ ഉചിതമായ നടപടികൾ എടുക്കാനുമാണ് വായനക്കാരോടുള്ള എന്റെ ഉപദേശം.

ഓർക്കുക, യാഥാർത്ഥ്യ ബോധത്തോടെ പോസിറ്റീവായി ചിന്തിക്കുക എന്ന സിദ്ധാന്തം പിന്തുടരുന്നവർക്കാണ് ദീർഘകാലം വിജയം നേടാനാവുന്നത്. ■

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM (L) നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.wedeliver-results.com.*

